**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6233** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന് സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന കുറ്റാലം കേരള പാലസ് സംസ്ഥാനത്തിന് പുറത്ത് തമിഴ് നാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. |
| (ബി) | പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തി വരുന്നത്; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണ് നടത്തിവരുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിയമിച്ചിട്ടുള്ള ഒരു കെയർ ടേക്കറുടെ നേതൃത്വത്തിലാണ് ടി റസ്റ്റ് ഹൗസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജി.ഒ(പി) നം.7/2018/പി.ഡബ്ല്യു.ഡി തീയതി 10.05.2018 പ്രകാരം മുറി വാടക ഈടാക്കി തുക ട്രഷറിയിൽ ഒടുക്കുന്നു. ഫല വൃക്ഷങ്ങളിൽ നിന്നുള്ള ആദായവും കൃഷി ആവശ്യത്തിനുള്ള ഭൂമി ലേലം നടത്തി ടി തുകയും ട്രഷറിയിൽ ഒടുക്കുന്നുണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ, വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തി വരുന്നുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി എത്ര തുക വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നു; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കുറ്റാലം റസ്റ്റ് ഹൗസിന്റെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി 8 ലക്ഷം രൂപ വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നു. |

സെക്ഷൻ ഓഫീസർ